**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*63.** **27.04.2017 ന് മറുപടിയ്ക്ക്**

**വിമുക്തി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.വി.ആർ. സുനിൽ കുമാർ<br>,, സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി :** | | **ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | ലഹരി വിരുദ്ധ ബോധവത്കരണത്തിനും വിമോചനത്തിനുമായി വിമുക്തി എന്ന പേരിൽ പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.<br>സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചു കൊണ്ട് വരിക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുന്നതിനുമാണ് പ്രധാനമായും 'വിമുക്തി' മിഷനിലൂടെ ലക്ഷ്യമിടുന്നത്. |
| (ബി) | ലഹരി വിരുദ്ധ ബോധവത്കരണത്തിനായി 2016-17 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും | (ബി) | 2016-17 വർഷത്തിൽ 7,28,95,000/- രൂപ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു. ആയതിൽ നിന്നും |

| | | | |
|---|---|---|---|
| | എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | | 5,91,83,056/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | വിമുക്തി പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്ന ജില്ലാതല സമിതിയുടെ ഘടന വ്യക്തമാക്കുമോ? | (സി) | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാനും, ജില്ലാകളക്ടർ കൺവീനറും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറും, ജില്ലാ മിഷൻ ഓഫീസർ ജില്ലാ കോ-ഓർഡിനേറ്ററും, ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയം ഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഇൻഫർമേഷൻ & പബ്ളിക്ക് റിലേഷൻ സ്, സ്പോർട്സ്, യുവജനക്ഷേമം, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം, സാംസ്കാരികം, ഫിഷറീസ് വകുപ്പ് ജില്ലാ തലവൻമാർ, കുടുംബശ്രീ പ്രതിനിധികൾ, കലാകായിക സാംസ്കാരിക-സാഹിത്യ-മാധ്യമരംഗത്തെ പ്രതിനിധികൾ സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജില്ലാ ഗവൺമെന്റ് പ്ളീഡർ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, ജില്ലാ പോലീസ് മേധാവികൾ ബന്ധപ്പെട്ട ജില്ലയിലെ ബഹു.എം.പി/ എം.എൽ.എ തുടങ്ങിയവരാണ് ജില്ലാതല സമിതിയിൽ അംഗങ്ങളായിട്ടുള്ളത്. |

(signature)

**സെക്ഷൻ ഓഫീസർ**